**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 482** **13-08-2021 - ൽ മറുപടിയ്ക്ക്**

**കൊവിഡ് കാരണം പട്ടികവർഗ്ഗ വിഭാഗക്കാർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി.സിദ്ദിഖ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് കൊവിഡും ലോക്ക്ഡൗണും കാരണം ജീവനോപാധികൾ നഷ്ടപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) | പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| (സി) | കൊവിഡ് കാരണം കഷ്ടത അനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിതം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | കൊവിഡ് കാരണം കഷ്ടത അനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് MNREGS, ട്രൈബൽ പ്ലസ് എന്നിവ മുഖേന തൊഴിലും വരുമാനവും ഉറപ്പ വരുത്തുന്നതിനോടൊപ്പം നിർമ്മാണ മേഖലയിൽ പരിശീലനം ലഭിച്ച പട്ടികവർഗ്ഗ സ്വയം സഹായ സംഘങ്ങൾക്ക് തൊഴിൽ ഉറപ്പ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനവിഭവങ്ങൾ ശേഖരിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആയതിന്റെ വിപണന മേഖല കണ്ടെത്തി വരുമാനം ലഭ്യമാക്കുന്നതിന് വനം വകുപ്പിന്റെ സഹായത്തോടു കൂടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗക്കാരുടെ ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി "നമത് വെള്ളാമെ", "ഹരിത രശ്മി" എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലോക്ക് ഡൗൺ മൂലമുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് കാരണമുള്ള കഷ്ടതകൾ നേരിടുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് "ഫുഡ് സപ്പോർട്ട്" പദ്ധതിയും 60 വയസിനു മുകളിൽ പ്രായമുള്ളവർക്ക് പോഷകാഹാര പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. കൂടാതെ ആവശ്യമായ ചികിത്സാ സൗകര്യങ്ങളും നൽകിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പോസ്റ്റ് മെട്രിക്/പ്രീമെട്രിക് ഹോസ്റ്റലുകൾ |

| | | | |
|---|---|---|---|
| | | | എന്നിവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലോക്ക് ഡൗൺ കാലത്ത് സ്ഥാപനങ്ങൾ പ്രവർത്തിക്കാത്തതിനാൽ അവരുടെ മെസ് അലവൻസ് പൂർണ്ണമായും രക്ഷകർത്താക്കളുടെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നൽകി അവർക്ക് പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ